# ശലഭങ്ങൾ



ലിറ്റിൽ കൈറ്റ്സ്
ഇ-മാഗസിൻ

എൽ എം എസ് എച്ച് എസ് എസ്
അമരവിള

# താളുകൾ മറിയ്ക്കുമ്പോൾ

ആമുഖം......................................................................4

ആശംസ......................................................................5

അമ്മയുടെ സ്നേഹം......................................................................7

മാമ്പഴക്കാലം......................................................................9

യാത്രാവിവരണം......................................................................11

വിദ്യാധനം......................................................................14

ഒരു കൊറോണക്കാലം......................................................................16

പാത്തുമ്മയുടെ ആട് ......................................................................19

സുന്ദരിയായ രാജകുമാരി......................................................................21

മരം ഒരു വരം......................................................................23

ROBERT FROST ......................................................................24

പൊന്മുടിയിലേക്ക് ഒരു യാത്ര......................................................................25

തഴുകി മറയുന്ന സൂര്യൻ ......................................................................27

RIDDLES......................................................................29

കൊറോണക്കാലം......................................................................31

യാത്രാവിവരണം ......................................................................33

RAY DOUGLAS BRADBURY......................................................................35

അനുഭവക്കുറിപ്പ്......................................................................36

ഊട്ടിയിലേക്കൊരു യാത്ര......................................................................39

SACHIN TENDULKAR......................................................................43

PROVERBS....................44

SMILE....................45

യാത്രാവിവരണം....................46

COLD HEART....................48

യാത്രാവിവരണം....................49

JULIANE MARGARET BEATE KOEPCKE....................51

GIEVE PATEL....................52

യാത്രാവിവരണം....................53

DISCIPLINE....................56

മാന്ത്രിക പെൻസിൽ....................57

കടങ്കഥകൾ....................59

പഴഞ്ചൊല്ലുകൾ....................60

എന്റെ പനിനീർ പൂവ്....................61

പ്രകൃതി....................62

# ആമുഖം

കുരുന്നു ഭാവനകൾക്ക് ചിറക് വിരിയ്ക്കാൻ അനന്ത വിഹായസൊരുക്കി നല്കിയാൽ മഴവില്ലഴക് പീലി വിടർത്തുമെന്ന് വീണ്ടും തെളിയിയ്ക്കാനായി ഇതാ ഒരു ഇ-മാഗസിൻ കൂടെ പുറത്തിറക്കുന്നു. 2022-25 LITTLE KITES CLUB ന്റെ ഭാഗമായി അമരവിള എൽ എം എസ് എച്ച് എസിലെ സാഹിത്യകുതുകികളായ Little Kites Club വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന **ശലഭങ്ങൾ** എന്ന ഇ-മാഗസിൻ നിറപ്പകിട്ടാർന്ന അനവധി രചനകളാൽ സമ്പന്നമാണ്. ഈ ഇ-മാഗസിനിൻെറ സൃഷ്ടിയിൽ ചുക്കാൻ പിടിച്ച അധ്യാപകർക്കും Little Kite അംഗങ്ങൾക്കും ഹൃദയത്തിൻെറ ഭാഷയിൽ നന്ദി അർപ്പിച്ച് കൊണ്ട് **ശലഭങ്ങൾ** സഹൃദയർക്കായി സമർപ്പിക്കുന്നു.

# ആശംസ



പ്രിയരെ,

നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സാഹിത്യപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി ധാരാളം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട് . സന്തോഷവും അഭിമാനവും തോന്നുന്ന ഈ സന്ദർഭത്തിൽ ഇ–മാഗസിൻ എന്ന ലക്ഷ്യം കൈവരിയ്ക്കാനായി പ്രയത്നിച്ച അധ്യാപകരെയും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളെയും ഞാൻ അഭിനന്ദിയ്ക്കുന്നു. ഇനിയും ഇത്തരം ക്രിയാത്മക പ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്നു. **ശലഭങ്ങൾ** എന്ന ഇ–മാഗസിന് എന്റെ ആശംസകൾ അർപ്പിക്കുന്നു.

ശ്രീമതി മേരി ജയിൻ എം എസ് , ഹെഡ്മിസ്ട്രസ്
എൽ എം എസ് എച്ച് എസ് എസ് അമരവിള.

# LITTLE KITES MAGAZINE
# (2022-2025)

# LMS HSS AMARAVILA

## EDITORIAL BOARD



***KITE MASTER - JOSE T R***

***KITE MISTRESS - JAIDA SUMAJAM J G***

# ലേഖനം

# അമ്മയുടെ സ്നേഹം



അഭയ എസ് ആർ
9E

ലോകത്തിലെ ഏറ്റവും വലിയ സ്നഹമായി വാഴ്ത്തിപ്പാടുന്നത് അമ്മയുടെ സ്നേഹമാണ്. കുമാരനാശാൻ 'അമ്മ' എന്ന രണ്ടക്ഷരത്തെക്കുറിച്ച് കവിത എഴുതിയിട്ടുണ്ട്. എന്നാൽ അദ്ദേഹം എഴുതിയ കാലഘട്ടം അല്ല ഇന്നത്തേത്. ഇന്ന് സ്വന്തം സുഖം അനുഭവിക്കുന്നതിനു വേണ്ടി പോകുന്ന മാതാപിതാക്കളെ നമുക്ക് കാണാൻ കഴിയും. പത്ത് മാസം വയറ്റിൽ ചുമന്നു നൊന്തു പ്രസവിച്ച കുഞ്ഞിനെ പല അമ്മമാരും ഇന്ന് ഉപേക്ഷിക്കുന്നു. അവർ തങ്ങളുടെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്നില്ല. അവർ അവരുടെ ജോലികളിൽ തിരക്കിലാണ്. കൂടാതെ, അവർ മക്കളെ സ്നേഹിക്കുന്നില്ല. അവരുടെ സുഖങ്ങളും ദുഃഖങ്ങളും അന്വേഷിക്കുന്നില്ല. ഈ കാരണത്താലാണ് ഇന്നത്തെ പല തലമുറകളും വഴിതെറ്റി പോകുന്നത്.

തങ്ങളുടെ മനസ്സ് തുറന്നു സ്വാതന്ത്ര്യത്തോടെ സംസാരിക്കാൻ അവർക്ക് ആരും തന്നെ ഇല്ല. ഇതു മൂലമാണ് കുട്ടികളിൽ മാനസിക വിഭ്രാന്തി കാണപ്പെടുന്നത്. കൂടാതെ, ഇന്നത്തെ തലമുറകളിൽ എല്ലാവരുടെയും

കൈകളിൽ മൊബൈൽ ഫോണുകൾ ഉണ്ടാകും. അവർ ആ മൊബൈൽ ഫോണുകളിൽ ലയിച്ച് തങ്ങളുടെ ബുദ്ധിയെ നശിപ്പിക്കുന്നു. കുട്ടികൾ ഇങ്ങനെ ആവുന്നതിനു കാരണം ഓരോ മാതാപിതാക്കൾ തന്നെയാണ്. കുട്ടികളോടൊപ്പം ഇരുന്ന് അവരോടു കളി തമാശകൾ ഒക്കെ പറഞ്ഞ് മനസ്സിന്റെ ഭാരങ്ങൾ അകറ്റണം. അല്ലാതെ സ്വയമായി തന്നെ വിഷമങ്ങൾ അമർത്തി തന്റെ വേദനകൾ ഉള്ളിൽ ഒതുക്കി കഴിയരുത്.

തന്റെ മക്കളോട് സ്വതന്ത്രമായി സംസാരിക്കണം. എന്ത് കാര്യം ഉണ്ടെങ്കിലും മനസ്സ് തുറന്ന് സംസാരിക്കണം. ഇതൊക്കെ ആണ് ഇന്നത്തെ അമ്മമാർ ചെയ്യേണ്ടത്. തങ്ങൾ പണ്ട് ജീവിച്ച ലോകം അല്ല ഇതെന്ന് അവർക്കു നന്നായി അറിയാം.തങ്ങളുടെ ജീവിതം പോലെ അവരെ വളർത്താൻ ശ്രമിച്ചാൽ കുട്ടികൾ നന്നായി വളരണം എന്നില്ല. അതുപോലെ കുട്ടികൾക്ക് ആവശ്യമായ സ്വതന്ത്ര്യം നൽകേണ്ടത് ഓരോ മാതാപിതാക്കളുടെയും ഉത്തരവാദിത്തമാണ്. ആ കടമ നിർവഹിക്കേണ്ടത് ഓരോ മാതാപിതാക്കൾ തന്നെ ആണ്.





# മാമ്പഴക്കാലം

## കഥ



ജനിഫർ ജെ ആർ
9 E

ഒരു കാട്. കാട്ടിൽ നിറയെ മരങ്ങൾ. ഏറെയും മാവുകളായിരുന്നു. മാമ്പഴക്കാലമായതിനാലാവും എല്ലാ മാവുകളും പതിവിലും വിനയാന്വിതരായിരിക്കുന്നു. എവിടെ നോക്കിയാലും മാമ്പഴം. മാമ്പഴത്തിന്റെ വാസന മൈലുകൾക്കപ്പുറം എത്തിയിരുന്നു. എല്ലാവിധ പക്ഷികളും അവയുടെ രുചി നുണഞ്ഞ് ചിരിച്ചും കളിച്ചും പറക്കുന്നു. ഇടയ്ക്കിടയ്ക്ക് വഴക്കും വക്കാണവുമായി കലപില കൂട്ടുന്നുമുണ്ട്. അത്രയ്ക്ക് രുചിയാണ്. കടും മഞ്ഞ നിറത്തിലുള്ള മാമ്പഴം.



പക്ഷേ അത് കൊടുംകാടാണ്.

ഒരു ദിവസം മാമ്പഴം പറിക്കാൻ കുറച്ചു കുട്ടികൾ തീരുമാനിച്ചു. അവർ ആരും കാണാതെ ഒരു ദിവസം കളിക്കാനാണെന്ന് കള്ളം പറഞ്ഞ് കാട്ടിൽ പോയി. വലിയ കാട്. അവർ നടന്നു. സിംഹവും പുലിയും ആനയും ഒക്കെയുള്ള ഒരു കാടാണ്. അവർക്ക് നല്ല പേടിയുണ്ടായിരുന്നു. എങ്കിലും മാമ്പഴത്തിന്റെ രുചിയോർത്തപ്പോൾ അവർക്ക് പിന്നോട്ട് പോകാൻ തോന്നിയില്ല.

വരുന്നതു വരട്ടെ, മാമ്പഴം കഴിച്ചിട്ടു തന്നെ. അവർ മുന്നോട്ട് തന്നെ ഗമിച്ചു. അപ്പോഴാണ് ആ കുറ്റിക്കാട്ടിൽ നിന്ന് ഒരു മുരൾച്ച കേട്ടത്. അവർ പേടിച്ചു വിറച്ചു. ഭയാനകമായ അന്തരീക്ഷം. അതൊരു സിംഹമാണ്. അവർ ഓടിയോടി ഒരു ഗുഹയ്ക്കരികിലെത്തി. സിംഹം പിന്നാലെ കുതിച്ചെത്തി ഗുഹയിൽ കയറി. ഭാഗ്യത്തിന് ആ ഗുഹയിൽ വേട്ടക്കാർ കാട്ടുമൃഗങ്ങൾക്കായി വലയിട്ട് കാത്തിരിക്കുന്നുണ്ടായിരുന്നു. സിംഹം അതിൽ കുടുങ്ങി. അവർ ഓടി മാമ്പഴക്കാട്ടിലെത്തി. നിറയെ മാമ്പഴവും കഴിച്ചു. നല്ല മണമുള്ള, രുചിയുള്ള മാമ്പഴം.





# യാത്രാവിവരണം.



അലി ഭാത്തിമ
9D

യാത്രകൾ എന്നും മനോഹരമായ വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു. നമ്മൾ ഒരു ദിവസം ആതിരപ്പള്ളി വെള്ളച്ചാട്ടം കാണാൻ പോവാൻ തിരുമാനിച്ചു.അങ്ങനെ ഒരിക്കൽ ഞാനും എന്റെ കുടുംബവും രാവിലെ യാത്ര തിരിച്ചു. പുലർച്ചെ ഏഴു മണിക്കാണ് നമ്മൾ യാത്ര തിരിച്ചത്.നമ്മൾ പോകുന്ന വഴിയിൽ മനോഹരമായ വ്യപോയിന്റ് ആയിരുന്നു. റോഡിൽ നിന്നും മലയുടെ ചെരുവിലൂടെ



സാഹസികമായി കുറച്ചു നടക്കേണ്ടി വന്നു. അതെല്ലാം ഞങ്ങൾക്ക് അതിമനോഹരമായ കാഴ്ച ആയിരുന്നു പ്രകൃതി ഒരുക്കി വച്ചിരുന്നത്. കനത്ത ഭംഗിയും നമുക്കവിടെ ആവോളം ആസ്വദിക്കാം.

മരങ്ങളിൽനിന്ന് മരങ്ങളിലേക്ക്, കാട്ടു വള്ളികൾ കൊണ്ട് പ്രകൃതി തീർത്ത ഊഞ്ഞാലുകൾ, ചെറിയ കൈതോടുകളിൽ നിറയെ മീനുകൾ, തോടിനു കുറുകെ ചെറിയ മരത്തടി പാലങ്ങൾ... ഇവയ്ക്കിടയിൽ അനുസരണയില്ലാതെ കാറ്റിൽ പറന്നു നിറയുന്ന അപ്പൂപ്പൻതാടികൾ... കാടും പുഴയും പുണരാൻ മത്സരിക്കുന്ന മാസ്മരിക ദൃശ്യം... അങ്ങനെ ഒരുപാട് കാഴ്ചകൾ സമ്മാനിക്കുന്നു.

കാലവർഷം കനത്തതോടെ ആതിരപ്പള്ളി വെള്ളച്ചാട്ടത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ ഒരുപാട് സഞ്ചാരികളുടെ ഒഴുക്കാണ്. ആർത്തലച്ചു വരുന്ന വെള്ളച്ചാട്ടവും പച്ചപ്പിന്റെ ഭംഗി നുകർന്നു കൊണ്ടുള്ള യാത്രയും ഏതൊരു സഞ്ചാരികളുടെയും മനം കവരും. മഴക്കാല യാത്രകളിൽ കാടും കാട്ടാറും നൽകുന്ന അനുഭൂതി ഒന്നു വേറെ തന്നെയാണ്. നിറഞ്ഞു കവിഞ്ഞ ചാലക്കുടി പുഴ രൗദ്ര ഭാവത്തിൽ കരിമ്പാറ കൂട്ടങ്ങളെ തഴുകി താഴേക്ക് പതിക്കുമ്പോൾ ആതിരപ്പള്ളി വെള്ളച്ചാട്ടം അതിന്റെ പൂർണ്ണ സൗന്ദര്യത്തിൽ നിറഞ്ഞു നിൽക്കുന്നു. പ്രകൃതിയുടെ ലഹരി ആവോളം ആസ്വദിച്ച് മനം കുളിർപ്പിക്കാൻ പറ്റിയ ഇടം... കൺകുളിരുന്ന കാഴ്ചയും ഓർമ്മയും ആണ് ആതിരപ്പള്ളി.

ഹുങ്കാരത്തിൽ കുത്തി ഒലിപ്പിച്ചിറങ്ങുന്ന വെള്ളച്ചാട്ടത്തിന്റെ അഴക് മിക്ക കാഴ്ചക്കാരും ദൂരെ നിന്ന് ആസ്വദിക്കയാണ് പതിവ്. നുരഞ്ഞ് പതഞ്ഞ് ഒഴുകുന്ന ആതിരപ്പള്ളി വെള്ളച്ചാട്ടത്തിന്റെ ഹൃദയം തൊട്ടറിയണമെങ്കിൽ നടന്ന് താഴെ ഇറങ്ങണം... പതനസ്ഥാനത്തേക്ക് ... അവിടെ



എത്തുമ്പോൾ ആർത്തലച്ച് എത്തുന്ന വെള്ളച്ചാട്ടത്തിന്റെ രൗദ്രഭാവം അടുത്തറിയാൻ സാധിക്കും. നമ്മൾ ഈ അനുഭവങ്ങൾ ആസ്വദിച്ചു.നല്ല ഒരു യാത്രയായിരുന്നു ഇത്. നല്ല അനുഭവങ്ങൾ തന്നു. ഇന്നും മറക്കാത്ത ഒരനുഭവം തന്നെയാണ് എനിക്ക് . പോയിട്ടുള്ളതിൽ വച്ച് ഏറ്റവും അധികം ഇഷ്ടപ്പെട്ട ഒരു യാത്ര ആയിരുന്നു ഇത്.





# വിദ്യാധനം

കവിത



ജോഫിയോ ജെ എസ്
9C


കാലം മാറും കാലം
അതു മാറും വേഗത്തിൽ
നേരം പോകും നേരം
അതും പോകും വേഗത്തിൽ

ഭൂസ്വത്തും ധനവും ഉണ്ടോ
അതു നശിയ്ക്കും ക്ഷണനേരത്തിൽ
ഉപയോഗിക്കും തോറും
അതും കുറയും വേഗത്തിൽ

വിദ്യ അതൊന്നേയുള്ളു
അതു നേടാം നമുക്ക്
ഉപയോഗിക്കും തോറും
അതു കൂടും വേഗത്തിൽ

ധനവും ഭൂസ്വത്തും നേടാം
വിദ്യ ഒന്നു കൊണ്ടു മാത്രമേ
ഇന്ന് ജീവിയ്ക്കാൻ കഴിയും
വിദ്യ പ്രയോഗിച്ചാൽ

വിദ്യ ... വിദ്യ അത് ഒന്നേയുള്ളൂ
നമുക്കന്ത്യത്തോളം അനുഭവിക്കാൻ
വിദ്യ വിദ്യയാണേ ...
അത് സർവ്വധനാൽ പ്രധാനം!



# ഒരു കൊറോണക്കാലം



കഥ



ദേവനന്ദ പി. ബി
9D

ഒരു ഗ്രാമത്തിൽ സന്തോഷകരമായി ജീവിച്ചിരുന്ന ഒരു സന്തുഷ്ട കുടുംബത്തിന്റെ ജീവിത കഥയാണ്. അച്ഛനും അമ്മയും മകനും അടങ്ങിയ ഒരു കൊച്ചു കുടുംബം. മഹാമാരി കൊണ്ട് വീർപ്പുമുട്ടി വീട്ടിൽ അടച്ചു കിടന്ന ഒരു കാലം. അതിൽ നിന്ന് ചെറിയ ഒരു മോചനം കിട്ടിയപ്പോൾ ഉള്ള ഒരു ചെറിയ ജീവിത കഥ.

ഒരു ദിവസം ആകസ്മികമായി ഒരു മഴ പെയ്തു. കുട്ടിക്ക് മഴ വളരെയധികം ഇഷ്ടമാണ്. കുട്ടിയുടെ പേരാണ് അപ്പു. മഴ നനയാനായി അപ്പു പുറത്തിറങ്ങിയപ്പോൾ അവന്റെ അമ്മ പറഞ്ഞു."അപ്പൂ ... മഴ നനയരുത് പനി വരും". പക്ഷെ കുട്ടി കേട്ടില്ല. "ഇല്ല...കുറേക്കാലം കഴിഞ്ഞു വന്ന മഴ ആണ്." എന്ന് അപ്പു പറഞ്ഞു. "അച്ഛൻ വരുമ്പോൾ പറഞ്ഞുകൊടുക്കും" എന്ന് അമ്മ പറഞ്ഞു.

അപ്പു കേട്ടില്ല. അമ്മ എന്തു പറഞ്ഞിട്ടും അപ്പു കേട്ടില്ല. പിന്നെയും മഴ നനഞ്ഞു. കുറച്ചു സമയം കഴിഞ്ഞതും അപ്പുവിന്റെ അച്ഛൻ വന്നു.( അച്ഛൻ ജോലി കഴിഞ്ഞു വന്നതാണ്. ആംബുലൻസ് ഡ്രൈവർ ആണ്.)

"അപ്പു മഴ നനയാതെ, പനി വരും അകത്തു കയറ്…" അച്ഛൻ പറഞ്ഞു. "ഇല്ല അച്ഛാ ഞാൻ കയറൂല...! അപ്പു പറഞ്ഞു. "കയറപ്പൂ... പനി വരും.... ഞാൻ അടിതരണോ?" അച്ഛൻ പറഞ്ഞു.അപ്പു അത് കേട്ട് ശാഠ്യത്തോടെ അകത്തു കയറിപ്പോയി.

പിറ്റേദിവസം ആയപ്പോൾ അപ്പുവിന് പനിയും ക്ഷീണവും വന്നു. അടുത്തുള്ള ഒരു സർക്കാർ ആശുപത്രിയിൽ കൊണ്ടുപോയി. അപ്പോൾ ഡോക്ടർ പറഞ്ഞു കൊറോണ ടെസ്റ്റ് ചെയ്യണം എന്ന്. അങ്ങനെ കൊറോണ ടെസ്റ്റ് ചെയ്തു പോസിറ്റീവ് ആണെന്ന് ഡോക്ടർ പറഞ്ഞു. അപ്പുവിന്റെ രക്ഷാകർത്താക്കൾ കോറന്റൈനിൽ ഇരിക്കണം എന്നും ഡോക്ടർ പറഞ്ഞു. 14 ദിവസം കഴിഞ്ഞ് ടെസ്റ്റ് ചെയ്തപ്പോൾ നെഗറ്റീവ്. അവർ സന്തോഷത്തോടെ പുറത്തേക്ക് പോയി, പുറത്തു നിന്ന് ആഹാരം ഒക്കെ കഴിച്ച് സന്തോഷത്തോടെ അവർ വീട്ടിൽ എത്തി.

കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അപ്പുവിന്റെ അച്ഛൻ മരണപ്പെട്ടു.അത് ഒരു സ്വാഭാവിക മരണമോ ദു:ർമരണമോ എന്നറിയില്ല. പോലീസിനെ വിവരം അറിയിച്ചു.പോലീസ് സംഭവ സ്ഥലത്ത് വന്ന് അന്വേഷിക്കുകയും ചെയ്തു. പക്ഷേ, അവർക്ക് അച്ഛൻ എങ്ങനെയാണ് മരണപ്പെട്ടത് എന്ന് അറിയാൻ കഴിഞ്ഞില്ല.

കുറേ ദിവസം കഴിഞ്ഞ് ഒരു സംശയം തോന്നി അപ്പുവിന്റെ അച്ഛന്റെ കൂട്ടുകാരനെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തു. അങ്ങനെ ആ യുവാവിനെ കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ഇരു ഭാഗ വക്കീൽമാരും കേസ് വാദിച്ചു. കോടതിക്ക് മതിയായ തെളിവുകൾ ഇല്ലെന്നും വാദം തൃപ്തി ഇല്ലെന്നും പറഞ്ഞ്, കേസ് ഏഴാം തീയതിയിലേക്ക് മാറ്റിവെച്ചു.

അങ്ങനെ ഏഴാം തിയതി എത്തി. "കോടതിവിധി

ഇന്ന്...!" ടിവി മുഴുവൻ ഈ വാർത്ത. ഇരുവശത്തുള്ള വക്കീലുകളും നന്നായി വാദിക്കുന്നുണ്ട്. പക്ഷേ എന്തുകൊണ്ടും ന്യായത്തിന്റെ വശത്ത് ആയിരിക്കും കോടതിവിധി. അങ്ങനെ വാദിച്ച്.... വാദിച്ച്.... കോടതി ഒരു തീരുമാനത്തിൽ എത്തി. അങ്ങനെ വിധി വന്നു. ആ വിധി അപ്പുവിന്റെ അച്ഛന്റെ ഭാഗത്തിന് അനുകൂലമായിട്ടാണ്. അത് ഒരു ദു:ർമരണമായിരുന്നു.വിഷം കൊടുത്ത് കൊന്നതായിരുന്നു എന്നതാണ് സത്യം. വിഷം കൊടുത്ത യുവാവ് ഒരു ഹോട്ടൽ ജീവനക്കാരൻ ആയിരുന്നു. അവർ ഭക്ഷണം കഴിക്കാൻ പോയ ഹോട്ടലിലെ ജീവനക്കാരനായിരുന്നു.

അപ്പുവിന്റെ അച്ഛൻ ആംബുലൻസ് ഡ്രൈവർ ആണല്ലോ? ആ ജോലി അദ്ദേഹത്തിനു കിട്ടിയതിന് മുൻപ് ഉള്ള ആംബുലൻസ് ഡ്രൈവർ ഡ്യൂട്ടിയിൽ ആയിരിക്കെ വെള്ളമടിച്ച് രോഗിയെ കൃത്യസമയത്ത് ആശുപത്രിയിൽ എത്തിച്ചില്ല. അതുകൊണ്ട് അയാളെ സസ്പെൻഡ് ചെയ്തു. ആ പഴയ ആംബുലൻസ് ഡ്രൈവർ ആയിരുന്നു അപ്പുവിന്റെ അച്ഛന്റെ കൊലയ്ക്ക് പിന്നിൽ. അദ്ദേഹത്തിന്റെ ജോലി തെറിപ്പിച്ചായിരുന്നല്ലോ അപ്പുവിന്റെ അച്ഛന്റെ ജോലിയിലേക്കുള്ള വരവ്. അതിന്റെ പക തീർക്കാനായിരുന്നു ഈ കൊലപാതകം.

പഴയ ആംബുലൻസ് ഡ്രൈവറിന്റെ കൂട്ടുകാരനായിരുന്നു ഹോട്ടൽ ജീവനക്കാരൻ.അദ്ദേഹം അങ്ങനെ ബന്ധപ്പെട്ടാണ് കൊല നടത്തിയത്. ഈ സത്യം കോടതിക്ക് മനസ്സിലായി. അങ്ങനെ രണ്ടുപേരെയും ജീവപര്യന്തം ശിക്ഷയ്ക്ക് വിധിച്ചു. അപ്പുവിന്റെ അമ്മയും അപ്പുവും കേസ് തെളിഞ്ഞതിന്റെ സമാധാനത്തോടെ കോടതിയുടെ പുറത്ത് ഇറങ്ങി.




പു
സ്ത
ക
ആ
സ്വാ
ദ
നം

# പാത്തുമ്മയുടെ ആട്



അനാമിക എസ് എസ്

ബഷീറിന്റെ ഏറ്റവും പ്രസിദ്ധമായൊരു നോവലാണ് 'പാത്തുമ്മയുടെ ആട്.' 1959-ൽ പ്രസിദ്ധീകരിച്ച ഈ നോവലിന് 'പെണ്ണുങ്ങളുടെ ബുദ്ധി' എന്നൊരു പേരും ഗ്രന്ഥകർത്താവ് നിർദ്ദേശിച്ചിരുന്നു. ബഷീറിന്റെ ഉമ്മ, സഹോദരങ്ങൾ, അവരുടെ ഭാര്യമാർ കുട്ടികൾ തുടങ്ങിയവർ അടങ്ങുന്ന കൂട്ടുകുടുംബം ഒരു കൊച്ചു വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവ വികാസങ്ങൾ തന്റെ സവിശേഷമായ തനത് ശൈലിയിൽ വിവരിക്കുന്ന കഥയാണിത്. വീട്ടിലെ ഓരോ കുടുംബാംഗങ്ങൾ മുതൽ സഹോദരി വളർത്തുന്ന ആടു വരെ ഈ നോവലിലെ കഥാപാത്രങ്ങളാണ് .

തന്നെ അലട്ടിയിരുന്ന മാനസികാസുഖത്തിന് ചികിത്സയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള കുടുംബ വീട്ടിൽ കഴിയുമ്പോഴാണ് 1954 ൽ ഈ നോവൽ ബഷീർ എഴുതുന്നത്.

നിരവധി പ്രത്യേകതകൾ നിറഞ്ഞതാണ് 'പാത്തുമ്മയുടെ ആട്'' എന്ന നോവൽ. കണ്ണീരിനെ പൊട്ടിച്ചിരിയാക്കി മാറ്റുന്ന ജീവിത – ഗ്രാമീണ ബിംബങ്ങളാണ് കഥയിൽ ഉടനീളം വന്നു പോകുന്നത്. 1954 ഏപ്രിൽ 27 ന് എഴുതി തീർത്ത്, തിരുത്തുകയോ പകർത്തിയെഴുതി ഭംഗിയാക്കുകയോ ചെയ്യാതെ, എഴുതിയ അതേപടി തന്നെയാണ് ഈ നോവൽ പ്രസിദ്ധീകരണത്തിനു നൽകിയത്.



പ്രണയമോ, വില്ലന്മാരോ ഇല്ലാത്ത കഥയിലെ ആഖ്യാതാവായ 'ഞാൻ' ദൃക്സാക്ഷി വിവരണം പോലെ കഥ പറഞ്ഞുപോകുന്ന ഈ കുടുംബ കഥ സമൂഹത്തിന്റെ കൂടി കഥയാകുന്നു. സ്ത്രീസമൂഹം നേരിടുന്ന ദുരിതചിത്രങ്ങൾ മനുഷ്യേതര കഥാപാത്രങ്ങളുടെ അർഥവ്യാപ്തിയോടെ ബഷീർ രചിച്ചിരിക്കുന്നത് 'ശുദ്ധസുന്ദരമായ ഭ്രാന്തിന്'' ഘോരമായ ചികിത്സ നടത്തുന്നതിനിടയിലത്രെ !

# സുന്ദരിയായ രാജകുമാരി

കഥ



അശ്വതി എസ് എസ്
9E

ഒരിടത്ത് ഒരു വലിയ രാജ്യം ഉണ്ടായിരുന്നു. അവിടെ വളരെ സുന്ദരിയായ ഒരു രാജകുമാരി ഉണ്ടായിരുന്നു. എന്നാൽ രാജകുമാരിക്ക് ഒരു കുറവുണ്ടായിരുന്നു - മുഖത്തിൽ ഒരു കറുത്ത പാടുണ്ടായിരുന്നു. അതിനാൽ തന്നെ സുന്ദരിയായ രാജകുമാരി തന്റെ കൊട്ടാരം വിട്ട് പുറത്തിറങ്ങാറില്ല.

രാജകുമാരിക്ക് വിവാഹപ്രായമായതിനാൽ തന്റെ മകളെ വിവാഹം കഴിക്കുവാൻ ആഗ്രഹം ഉള്ള അന്യദേശത്തുള്ള രാജകുമാരന്മാരെ ഒരു ദിവസം തന്റെ രാജ്യത്തേക്ക് ക്ഷണിച്ചു കൊണ്ട് രാജാവ് ഉത്തരവ് പുറപ്പെടുവിച്ചു. രാജാവ് ക്ഷണിച്ച ദിവസം രാജകുമാരന്മാർ നിരന്നു നിന്നു. എന്നാൽ രാജകുമാരി അവരിൽ ആരെ തിരഞ്ഞെടുക്കണമെന്ന് അറിയാതെ നിൽപ്പായിരുന്നു.

ഒടുവിൽ രാജകുമാരി തീരുമാനിച്ചു. ആരാണോ തന്റെ മുഖത്തെ പാട് മാറ്റുന്നത് അവനെ ഞാൻ വിവാഹം കഴിക്കുവാൻ സമ്മതമാണെന്ന് രാജകുമാരി പറയുകയുണ്ടായി. ആ കൂട്ടത്തിൽ നിന്നും ബുദ്ധിമാനായ ഒരു രാജകുമാരൻ

മുന്നോട്ട് വന്നു പറഞ്ഞു: രാജകുമാരിയുടെ സൗന്ദര്യത്തിന് മുന്നിൽ ഒരു കറുത്ത പാട് ഒന്നും തന്നെയല്ല, കുമാരിയുടെ സൗന്ദര്യം ആസ്വദിക്കുന്ന ഒരുവനും കുമാരിയുടെ പാട് ശ്രദ്ധിക്കില്ല കാരണം അത്രമാത്രം കുമാരി വളരെ സുന്ദരിയാണ്. ഈ പറഞ്ഞ കാര്യം രാജകുമാരിക്ക്  വളരെ  ഇഷ്ടമായി. അതിനാൽ ആ രാജകുമാരനെ തന്നെ രാജകുമാരി വിവാഹം കഴിച്ചു സന്തോഷത്തോടെ ജീവിച്ചു.



# മരം ഒരു വരം

കവിത



എബനീസർ ജോബിൻ
9B

കടലേ  കടലേ നിന്നെ
കാണാൻ എന്തു രസം
കാറ്റേ കാറ്റേ നിന്നെ
അറിയാൻ എന്തു സുഖം
മരമേ മരമേ നിന്റെ
തണലിലിരുന്നാലെന്താശ്വാസം
മരമേ നീ നമുക്ക് തണലുള്ള വരമേ
മരമേ നീ നമ്മുടെ പ്രകൃതിയുടെ വരമേ
മരങ്ങളാരും മുറിക്കരുത്
അത് നമ്മുടെ പ്രകൃതിയുടെ വരമല്ലോ



# ROBERT FROST



(1874-1963)



Akshay Kumar
9C

*Robert Frost was born on 26th March 1874 at San Francisco in California. This American poet is much admired for his realistic verse that depicts the rural life of new England. Some of his most notable works are 'Mending Wall', 'Stopping by woods on a snowy Evening', 'A boy's Will' and 'After Apple Picking' . He won pulitzer prize four times and was nominated for the nobel prize in literature 31 times . He died on 29th January 1963 at Boston in the United States.*

# യാത്രാവിവരണം




## പൊന്മുടിയിലേക്ക് ഒരു യാത്ര



നിഷാന. എൻ
9C

വെളുപ്പിന് 6 മണിയോടെയാണ് ഞങ്ങൾ പുറപ്പെട്ടത്. ഞാനും അമ്മയും അച്ഛനും ചേട്ടനും ഒത്താണ് യാത്രയ്ക്ക് പോയത്. കുളിരലകൾ വീശി പൊഴിക്കുന്ന ആ പൊന്നിൽ കുളിച്ച പൊന്മുടിയിൽ എത്തിച്ചേരുവാനും കാണുവാനും നമുക്ക് ഒരുപാട് ആകാംക്ഷ ഉണ്ടായിരുന്നു. തളിരിലകൾ വീശി പൊഴിക്കുന്ന കുളിരോടു കൂടി ഞങ്ങൾ ഏതാണ്ട് പൊന്മുടിയിൽ എത്തി. അവിടെ കണ്ട കാഴ്ചകൾ അതിമനോഹരമായിരുന്നു.

മഞ്ഞു പെയ്യുന്ന തണുത്ത ആ വഴികളിലൂടെ ഞങ്ങൾ യാത്ര തുടങ്ങി. പോകുന്ന വഴി നമ്മൾ ഐസ്ക്രീം വാങ്ങിച്ചു. ആ തണുപ്പലിഞ്ഞ ഐസ്ക്രീം കുടിച്ചപ്പോൾ നല്ല രസമായിരുന്നു. അങ്ങനെ സൂര്യോദയം തഴുകി എത്തിച്ച

പൊന്മുടി കണ്ടു. അവിടെ കണ്ട കാഴ്ചകൾ മറക്കാൻ പറ്റാത്തതായിരുന്നു.

അവിടുന്ന് നേരെ നമ്മൾ കല്ലാർ എന്നൊരു വെള്ളച്ചാട്ടത്തിലേക്കായിരുന്നു പോയത്. പൊന്മുടിയിൽ നിന്ന് വളരെ കുറച്ചു ദൂരമേ ഉള്ളൂ കല്ലാർ വെള്ളച്ചാട്ടത്തിലേക്ക്. ചരിഞ്ഞ പ്രദേശം ആയതിനാൽ അവിടെ വാഹനങ്ങൾ പോകില്ല. 800 കിലോമീറ്റർ നടന്നു സഞ്ചരിച്ചാലെ നമുക്ക് കല്ലാർ എന്ന ആ വെള്ളച്ചാട്ടത്തിലേക്ക് എത്താൻ പറ്റുകയുള്ളൂ. അങ്ങനെ അതിസാഹസികമായി ഞാൻ ആ വെള്ളച്ചാട്ടം കണ്ടു. അതൊരു മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു.

# തഴുകി മറയുന്ന സൂര്യൻ

കഥ



അഭയ

സൂര്യാസ്തമയം പ്രകൃതിയുടെ ഒരു വിസ്മയംതന്നെ. എന്റെ ക്രിസ്തുമസ് അവധിക്കാലം...  ഒരു ദിവസം... ഞാൻ കണ്ണൂരിൽ പയ്യമ്പലം എന്ന സ്ഥലത്ത് പോയി. അവിടെ എത്തിയപ്പോൾ സന്ധ്യയായി. പെട്ടെന്നാണ് ഞാൻ ഒരു കാര്യം ശ്രദ്ധിക്കുന്നത്. ആകാശത്തിന്റെ പുഷ്പമായി വിടർന്ന് നിൽക്കുന്ന സൂര്യൻ, അത് ഒരു വലിയ വിസ്മയ കാഴ്ച തന്നെയായിരുന്നു.

ആകാശത്തിന്റെ ആഭരണം ആയി അലങ്കാരത്തോടെ സിന്ദൂര നിറത്തിൽ കുളിച്ച് നിൽക്കുന്നു. എന്നെ ആ സൂര്യൻ മാടിവിളിക്കുന്നത് പോലെ എനിക്ക് അനുഭവപ്പെട്ടു. ആകാശത്ത് നിന്ന് പൊഴിഞ്ഞു പോകുന്നത് പോലെ ആകാശത്തിന്റെ ഉദരത്തിലൂടെ ഒഴുകി മെല്ലെ താഴോട്ടിറങ്ങി.

സൂര്യൻ ആകാശത്തു നിന്ന് വാർന്നു പോയതോടെ ആകാശത്തിന്റെ ആ തേജസ്സ് നഷ്ടപ്പെട്ടു. അപ്പോൾ ആകാശം ഒരു ഇരുണ്ട അല്ലെങ്കിൽ ശൂന്യമായ ഗുഹയായി എനിക്ക് അനുഭവപ്പെട്ടു. അതേ സമയം സമുദ്രം ആണെങ്കിൽ ആയിരക്കണക്കിന് മെഴുകുതിരികൾ കത്തിച്ചിരിക്കുന്നത് പോലെ തേജസോടെ ശോഭിച്ച് തിളങ്ങി കൊണ്ടിരുന്നു. സൂര്യൻ സമുദ്രത്തിൽ ഒഴുകിക്കൊണ്ടിരുന്നു. സൂര്യന്റെ താപം സമുദ്ര ജലത്തിൽ അലിഞ്ഞുചേർന്നു. കുറച്ചു സമയങ്ങൾക്ക് ശേഷം സൂര്യൻ താനെ മാഞ്ഞുപോയി.



# RIDDLES



Nazriya
9B



1.what has a neck but no head?
A bottle

2.What has hands but cannot clap?
A clock



3.what is always found on the ground but never gets dirty?
A shadow

4.When things go wrong what can you always count on ?
Your fingers



5.If two's company, and three's a crowd what are four and five?
Nine!

6. What is yours but mostly used by others?

Your name



7.What occur once in a minute, twice in a moment and never in 1,000 years?

The letter ' m '

8.what goes up but never comes down?

Your age



9.what has one eye but can't see?

A needle

10.What has legs but doesn't walk?

A table

11.What kind of band never play music ?

Rubber band

12. What has words but never speaks?

A book

13.What building has the most stories?

The library



14.I am an odd number. Take away one letter and I become even. What number am I?

Seven

# കൊറോണക്കാലം


കവിത



അഞ്ജലി അനിൽകുമാർ
9E

വുഹാനിൽ നിന്നൊരു രോഗമെത്തി
ഈ മാരിതൻ പേര് കോറോണയത്രെ
പലവഴി പലരീതി പടർന്നു കേറി
ലോകം വിറയ്ക്കും  മാരിയത്രെ

വായുവിലും ഹസ്തദാനത്തിലും പിന്നെ
സമ്പർക്കത്തിലൂടെയും പടർന്നു കേറി
ഇതിനെ ചെറുത്ത് നിൽപാനായ്
നാമിന്ന് വീട്ടിൽ ഒതുങ്ങി കൂടിടുന്നു



ഇതിലൂടെ നമ്മളിൽ  മാറ്റങ്ങൾ സൃഷ്ടിച്ച്
അച്ഛനും അമ്മയും നമ്മളും ഒന്നിച്ച്
പലരീതി സന്തോഷം പങ്കുവെച്ചു
പഴമയുടെ പുതുമ നാം കണ്ടറിഞ്ഞു

വാർത്തകൾ പത്രങ്ങൾ എന്നിവ നമ്മളിൽ
പ്രതിരോധശേഷി വളർത്തിടുന്ന
കൂട്ടായ്മയിൽ നമ്മളും ഒത്തു കൂടി
ഇതിനെ നാം വേരോടെ പിഴുതെറിയും

# യാത്രാവിവരണം



ശ്രീലക്ഷ്മി പി
9B

ഞാനും എന്റെ കുടുംബവും ഒരുമിച്ച് ഒരു യാത്ര പോയി. നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച ഹിൽ സ്റ്റേഷനുകളിൽ ഒന്നായ ഊട്ടിയിലേക്ക് ആയിരുന്നു യാത്ര. ഹിൽ സ്റ്റേഷനുകളുടെ രാജ്ഞി എന്നാണ് ഊട്ടി അറിയപ്പെടുന്നത്. ഞങ്ങൾ കാറിലായിരുന്നു യാത്ര പോയത്. ഞായറാഴ്ച പുലർച്ചെ 5.30ന് പുറപ്പെട്ടു.12മണിയോടെ ഞങ്ങൾ റൂമിലെത്തി.

ഒന്ന് ഫ്രഷ് ആയിഭക്ഷണവും കഴിച്ചു 1 മണിയോടെ ഞങ്ങൾ ഊട്ടിയിലേക്ക് കാഴ്ചകൾ കാണാൻ ഇറങ്ങി. ഊട്ടിയിലേക്കുള്ള ഞങ്ങളുടെ യാത്ര ഞങ്ങൾക്ക് ഒരുപാട് മനോഹര അനുഭവങ്ങൾ നൽകി. തണുത്ത കാലാവസ്ഥയും അതിശക്തമായ പ്രകൃതി ദൃശ്യങ്ങളും മനസിന് ഒരുപാട്



സന്തോഷം നൽകിയിരുന്നു.

ഞങ്ങൾ ആദ്യം ബൊട്ടാണിക്കൽ ഗാർഡനിലേക്ക് പോയി. ഊട്ടിയുടെ ഏറ്റവും ആകർഷണിയമായ ഭാഗം ബൊട്ടാണിക്കൽ ഗാർഡനാണ്.അവിടെ ആയിരക്കണക്കിന് പൂക്കൾ മനസിനെ ആകർഷിപ്പിക്കുന്ന രീതിയിൽ ക്രമികരിച്ചിരിക്കുന്നു.അവിടെനിന്നും ഞങ്ങൾ ഒരുപാട് ഫോട്ടോകൾ എടുത്തു. അതിനു ശേഷം അവിടന്ന് ഞങ്ങൾ തിരിച്ചു മടങ്ങി. എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു യാത്ര അനുഭവമായിരുന്നു ഇത്.





# RAY DOUGLAS BRADBURY





Ebi S Babu
9B

Ray Douglas Bradbury was an American author and screen writer. He was born on 22nd August1920 at Waukegan in U S. He worked in a variety of genres, including fantasy, science fiction, horror, mystery and realistic fiction. He was the recipient of numerous awards, including a 2007 pulitzer . He died on 5th June 2012 at Los Angeles in U S.

# അനുഭവക്കുറിപ്പ്



പ്രതുൽ കൃഷ്ണ പി എം
9D

രണ്ടാം പാദവാർഷിക പരീക്ഷയുടെ തൊട്ട് മുമ്പത്തെ ദിവസം ഉച്ചയ്ക്ക് സ്കൂൾ വിട്ടു. അതു കഴിഞ്ഞ് ബസ് സ്റ്റാൻഡിൽ, സമയം 1:30. ഉദ്ദേശിച്ച ബസ്സിനെ നോക്കി കൈ കെട്ടി നിൽക്കുന്ന സമയം. ഒരു സഞ്ചി കൈയിലേന്തി ഒരപ്പൂപ്പൻ ക്ഷണനേരം കൊണ്ട് എന്റെ അരികിൽ. അവിടെയെത്തിയപ്പോൾ തന്നെ അദ്ദേഹം വാചാലനായി. അദ്ദേഹത്തിന്റെ വചനങ്ങൾക്ക് എനിക്ക് ചെവി നൽകേണ്ടി വന്നു. ആദ്യമൊക്കെ ഞാൻ വലിയ ശ്രദ്ധ നൽകിയിരുന്നില്ല.

ജനങ്ങളിലെ വൃത്തിയും വെടിപ്പും കൃത്യശതമാന നിരക്കിൽ പറയുന്നതും ഗാസ

ഇസ്രായേൽ യുദ്ധ പോരിനെപ്പറ്റി അദ്ദേഹം വിശദീകരിക്കുന്നതും കേട്ടപ്പോൾ എനിക്ക് അപ്പൂപ്പനോട് പ്രത്യേക ബഹുമാനം തോന്നി. ബസ് ഇടയ്ക്കിടയ്ക്ക് ബ്രേക്കിടുന്നത് പോലെയായിരുന്നു എന്റെ സംസാരം. പിന്നീട് അദ്ദേഹത്തെ കൂടുതൽ അറിഞ്ഞപ്പോൾ നിറുത്താതെ പോകുന്ന വാഹനങ്ങളെപ്പോലെയായി മാറി എന്റെ സംസാരം.

ബസ് വന്നു. ഞങ്ങൾ ഓടി. ദ്വിതീയർക്കും ആസനസ്ഥരാകാൻ കഴിഞ്ഞു. ബസ്സിനുള്ളിൽ നല്ല തിരക്കുണ്ട്. വീണ്ടും അദ്ദേഹം വാചാലനായി. ഇടയ്ക്കിടയ്ക്ക് അദ്ദേഹത്തിന്റെ ആശയസ്രാവത്തെ പ്രതിരോധിക്കുന്ന ചുളുങ്ങിയ ചർമമുള്ള കൈകൾ കാണാം. നോക്കിയപ്പോൾ അപ്പൂപ്പന്റെ ഭാര്യ. പൊതുസ്ഥലത്ത് അപ്പൂപ്പൻ ഇതുപോലെ വാചാലനാവാറുണ്ടെന്ന് അദ്ദേഹത്തിന്റെ ഭാര്യയുടെ അമർത്തിപ്പിടിച്ച നോട്ടം കണ്ടപ്പോൾ മനസ്സിലായി. ചോദ്യങ്ങൾ ചോദിക്കുന്ന അപ്പൂപ്പനെയും അതിനു മറുപടി നൽകുന്ന എന്റെ താത്പര്യത്തെയും ആളുകൾ നോക്കി ചിരിക്കാൻ തുടങ്ങി. എന്നാൽ

എനിക്ക് അദ്ദേഹത്തിന്റെ ഈ സ്വഭാവത്തിൽ ഒരു പ്രയാസവും തോന്നിയില്ല.

ഈ ദിവസം എന്റെ ഗുരുവായി അദ്ദേഹം മാറിയിരുന്നു. പേര് ശ്രീനിവാസൻ അദ്ദേഹം പറഞ്ഞു. അദ്ദേഹം പറയുന്ന കാര്യങ്ങളിൽ എല്ലാത്തിലും ഓരോ യുക്തികളുള്ളതായി ഞാൻ മനസ്സിലാക്കി. എന്റെ സ്ഥലം എത്തിയപ്പോൾ എന്നോട് 'Good luck, All the best 'എന്നിങ്ങനെ പറഞ്ഞപ്പോൾ ഞാൻ 'ഇനിയും കാണാം അപ്പൂപ്പാ' എന്നു പറഞ്ഞ് ബസ്സിന്റെ പടിയിറങ്ങി. എന്തായാലും സമൂഹത്തിൽ ഇതുപോലെ ചുരുക്കം ചിലർ മാത്രമേ കാണൂ എന്ന് സന്തോഷത്തോടെ ഞാൻ മനസ്സിലാക്കി.

# യാത്രാവിവരണം

## ഊട്ടിയിലേക്കൊരു യാത്ര



**അഖില എസ്**
9D

യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമ്മുക്ക് സമ്മാനിക്കുന്നു. ഇത്തവണത്തെ ഓണാവധിക്കാണ് ടി വിയിലും യുട്യൂബിലും മാത്രം കണ്ടിരുന്ന ഊട്ടിയിലേക്കൊരു യാത്ര പോയത്. ഞാനും എന്റെ കുടുംബവും ബന്ധുക്കളും ഉൾപ്പെടെ ഒമ്പത് പേരടങ്ങുന്ന സംഘവുമായി ഒരു ഇന്നോവ കാറിൽ സെപ്റ്റംബർ 5 ന് പുലർച്ചെ 4മണിക്കാണ് ഊട്ടി ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടത്.

ഞാൻ കാറിന്റെ ജനാലയ്ക്കരികെ തന്നെ സീറ്റ് പിടിച്ചു. എന്റെ പുതിയ വയലറ്റ് ഉടുപ്പായിരുന്നു ഞാൻ ധരിച്ചിരുന്നത്. എല്ലാവരും സ്വെറ്ററും മറ്റു കമ്പിളി കുപ്പായങ്ങളും കയ്യിൽ കരുതിയിരുന്നു. എട്ടു മണിയായപ്പോൾ ഞങ്ങൾ പോകുന്ന



വഴിയരികിലെ ഒരു ഹോട്ടലിൽ നിന്നും പ്രാതൽ കഴിച്ചു. അതിനു ശേഷം യാത്ര വീണ്ടും തുടർന്നു. ഗൂടല്ലൂർ പട്ടണം പിന്നിട്ട് ഞങ്ങൾ ആദ്യം എത്തിച്ചേർന്നത് മനോഹരമായ ഒരു വ്യൂപോയിന്റിൽ ആയിരുന്നു. റോഡിൽ നിന്നും മലയുടെ ചെരുവിലൂടെ സാഹസികമായി കുറച്ചുനടക്കേണ്ടി വന്നെങ്കിലും ഞങ്ങൾക്ക് അതി മനോഹരമായ കാഴ്ച ആയിരുന്നു അവിടെ പ്രകൃതി ഒരുക്കി വെച്ചിരുന്നത്. നാലു ഭാഗത്തും മനോഹരമായ കാഴ്ചകൾ... ഗൂടല്ലൂർ പട്ടണത്തിന്റെ ആകാശ കാഴ്ച്ച...ഞങ്ങളെ നോക്കി ചിരിക്കുന്ന വലിയകൊടുമുടികൾ...
ഇതെല്ലാമായിരുന്നു ഞങ്ങൾ അവിടെ കണ്ടത്. വീണ്ടും ഞങ്ങൾ യാത്ര തുടർന്നു.

മനോഹരമായ പൈൻ മരങ്ങൾക്കിടയിലൂടെ വളഞ്ഞു പിരിഞ്ഞ ചുരങ്ങൾ കയറി കാർ മുന്നോട്ട് നീങ്ങുമ്പോൾ തണുപ്പ് കൂടി കൂടി വരുന്നതായി എനിക്ക് അനുഭവപ്പെട്ടു. പിന്നീട് ഞങ്ങളെത്തിച്ചേർന്നത് ഊട്ടിയിലെ ഷൂട്ടിംഗ് കുന്നിൽ ആയിരുന്നു. എത്രയോ സിനിമാ പാട്ടുകളിൽ കണ്ട ആ കുന്നിൽ സന്ദർശകരുടെ ഒഴുക്കായിരുന്നു. കുന്നിന് മുകളിൻ ചെരുവിൽ കുതിര സവാരിയിൽ ഏർപ്പെടുന്ന പലരെയും കണ്ടിരുന്നു. ഷൂട്ടിംഗ് കുന്നിൽ നിന്നും പിന്നെ ഞങ്ങൾ പോയത് ഉച്ചഭക്ഷണത്തിനായിരുന്നു. നാട്ടിൽ നിന്ന് കൊണ്ടുവന്ന ബിരിയാണി കാറിലിരുന്നു കഴിച്ച ശേഷം, ഞങ്ങൾ യാത്ര തുടർന്നു. അതിനിടയിൽ ഞാൻ നിദ്രയിലാണ്ടു പോയി.

ഊട്ടി തടാകത്തിലെത്തിയപ്പോഴാണ് അമ്മ എന്നെ വിളിച്ചെഴുന്നേൽപ്പിച്ചത്. അവിടെ തടാകക്കരയിൽ പലവിധ വിനോദങ്ങളിലും കാഴ്ച്ചകളിലും ബോട്ട് സവാരിയിലും ഞങ്ങൾ ഏർപ്പെട്ടു. അവിടത്തെ മിനി തീവണ്ടിയിൽ

തടാകക്കരയിലൂടെയുള്ള യാത്ര ഞങ്ങളെല്ലാവരും നന്നായി ആസ്വദിച്ചു. തടാകക്കരയിലെ ഷോപ്പിംഗ് അടക്കം മണിക്കൂറുകൾ അവിടെ ചിലവഴിച്ച ഞങ്ങൾ പിന്നെ പോയത് ഊട്ടിയിലെ പ്രശസ്തമായ തേയില കമ്പനി കാണുവാൻ ആണ്.

കുന്നിൽ മുകളിലുള്ള കമ്പനിയിലേക്കുള്ള യാത്ര അൽപ്പം സാഹസം ആയിരുന്നു. ചായപ്പൊടി നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ ഞങ്ങൾ നടന്നു കണ്ടു. അതീവ രുചികരമായ ചായയും ഞങ്ങൾക്ക് അവിടെ നിന്നും കിട്ടി. വിവിധ രുചികളിലുള്ള ചായപ്പൊടികൾ അവിടെ വിൽപ്പനയ്ക്ക് വെച്ചിരുന്നു. ഞങ്ങളവിടെ നിന്നും ചായപ്പൊടികൾ വാങ്ങിയിരുന്നു. ഊട്ടിയിൽ ഏറ്റവും കൂടുതൽ ആളുകളെ ആകർഷിക്കുന്ന ബോട്ടാണിക്കൽ ഗാർഡനിലേക്കാണ് തേയില കമ്പനിയിൽ നിന്നും മലയിറങ്ങി ഞങ്ങൾ പോയത്. അപ്പോഴേക്കും സമയം വൈകുന്നേരം അഞ്ചു മണി കഴിഞ്ഞിരുന്നു.

ഊട്ടിയുടെ തണുപ്പ് ഞങ്ങളിലേക്ക് ഇറങ്ങി വരുന്നുണ്ടായിരുന്നു. അവിടത്തെ ചെടികളും പൂക്കളും മരങ്ങളും പച്ചപ്പുമെല്ലാം സുന്ദരമായ കാഴ്ചകളായിരുന്നു എന്റെ നയങ്ങൾക്കു സമ്മാനിച്ചത്. അവിടെ കറങ്ങിയും ഫോട്ടോകൾ എടുത്തും ഞങ്ങൾ ആ ദൃശ്യഭംഗി ആസ്വദിച്ചു. തണുപ്പിന്റെ കാഠിന്യം കൊണ്ട് ഞങ്ങൾ വേഗം അവിടന്ന് വീട്ടിലേക്ക് യാത്ര തിരിച്ചു. കാർ പതിയെ മുന്നോട്ടു പോകുന്നതിനനുസരിച്ച് ഉറക്ക ക്ഷീണം എന്നെ കീഴടക്കി. യാത്രയിലിടയ്ക്ക് ഞാൻ ഉറക്കമുണർന്ന് പുറത്തേക്ക് നോക്കുമ്പോൾ രാത്രിയുടെ അന്ധകാരമെങ്ങും പടർന്നിരുന്നു.

രാത്രി പന്ത്രണ്ടു മണിയാവുമ്പോഴേക്കും ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി. ഊട്ടിയിൽ നിന്നെടുത്ത ഫോട്ടോകൾ നോക്കിക്കൊണ്ട് അമ്മ തന്ന ചൂടുകഞ്ഞിയും കുടിച്ച് ഞാൻ ആ മനോഹര യാത്രാനുഭവം മനസ്സിൽ കുറിച്ചിട്ടു.



ശലഭങ്ങൾ


# SACHIN TENDULKAR





Sooraj B S
9c

Sachin Tendulkar is one of the greatest cricketers in the world.People call him ‘The Little  Master’ or ‘The Master Blaster’. He was born on 24th April 1973 in Mumbai, Maharashtra. Sachin’s father Ramesh Tendulkar was known as Marathi novelist and his mother Rajni worked in the insurance company. He started taking coaching from the famous cricket coach, Ramakanth Archrekar at shivaji park. At the age of 14 he scored 326 out of a world record stand of 664 in a school match. Since then Tendulkar never looked back.He represented Bombay in the ranji trophy when he was hardly fourteen. Sachin made his debut in test cricket against Pakisthan in 1989.He was the biggest cricketer in the sports history of India.



# PROVERBS



Collected by

Anoop S S


1. Better to be safe than sorry.
2. Every cloud has a silver lining.
3. Practice makes perfect.
4. Honesty is the best policy.
5. Look before you leap.
6. Haste makes waste.
7. Don't judge a book by its cover.
8. Don't bite the hand that feeds you.
9. You are what you eat.
10. Actions speak louder than words



# SMILE

## POEM





Ebi S B
9B

*That's a lovely Thought.*
*To smile is an Art;*
*That fills every Heart*
*With joy,*
*Which heals the Pain*
*Of every heart that bleeds.*
*Smile from the Heart.*

*That's a lovely Thought.*
*Smile always.*
*Smile when you are pleased,*
*Joyful or contented.*

*That's a lovely Thought.*
*Smile when you're sad,*
*Hurt*
*Or alone-*
*'cause smile makes everything pleasant.*

# യാത്രാവിവരണം



നന്ദകുമാർ പി എ
9B

രാവിലെ 6:30 മണിയായപ്പോൾ അമ്മയും ഞാനും എന്റെ മാമന്റെ കുടുംബവും ഒരുമിച്ച് പൊൻമുടിയ്ക്ക് പോകാൻ തീരുമാനിച്ചു . അങ്ങനെ എല്ലാവരും ഒരുങ്ങിയിറങ്ങി പോകാൻ തയ്യാറായി. മാമൻ കാർ എടുത്തു കൊണ്ടു വന്നു. ഞാൻ വിചാരിച്ചു പിന്നിലുള്ള സീറ്റിലായിരിക്കും എന്റെ ഇടം. പക്ഷേ മാമൻ എന്നോട് മുൻ സീറ്റിൽ ഇരിക്കാൻ പറഞ്ഞു.അങ്ങനെ യാത്ര പുറപ്പെട്ട് മൂന്ന് മണിക്കൂറെടുത്തു പൊൻമുടിയിൽ എത്തിച്ചേരാൻ.

പൊൻമുടിയുടെ ചെക്കിങ് സ്ഥലത്ത് എത്തി. അവിടെ



എന്നെ ഞെട്ടിപ്പിച്ച ഒരു കാഴ്ച കണ്ടു . ഒരാളുടെ തോളിൽ ഒരു കുരങ്ങൻ. കുരങ്ങന്റെ കാലിൽ ഒരു ചെറിയ ചങ്ങല. അങ്ങനെ ആ ചെക്കിങ് കഴിഞ്ഞ് നമ്മൾ എല്ലാവരും പൊൻമുടി ലക്ഷ്യമാക്കി കയറിത്തുടങ്ങി. അവിടെത്തെ റോഡ് ആകട്ടെ വയനാട്ടിലെ ചുരം പോലെയായിരുന്നു. ആ ചുരമൊക്കെ കടന്ന് നമ്മൾ പൊൻമുടിയുടെ ഏറ്റവും മുകളിൽ എത്തി. അവിടെ വച്ച് നമ്മൾ കൊണ്ടു പോയ ആഹാരം കഴിച്ചു.

അവിടെ എല്ലാം ചുറ്റിക്കറങ്ങിയതിനു ശേഷം വൈകുന്നേരം 3.00 മണിയായപ്പോൾ അവിടെ നിന്ന് തിരിച്ചു. എന്നിട്ട് നമ്മൾ വിഴിഞ്ഞം ലൈറ്റ് ഹൗസിലും, മറൈൻ അക്വേറിയത്തിലും പോയി. അതെല്ലാം കണ്ടു കഴിഞ്ഞ് നമ്മൾ 5:00 മണിയായപ്പോൾ നേരെ വീട്ടിലേക്ക് വന്നു. അതിനിടയിൽ അമരവിളയിൽ വച്ച് എനിക്ക് ഒരു ജോഡി കളർ മീൻ അമ്മ വാങ്ങി തന്നു. രാത്രിയിൽ എല്ലായിടവും കണ്ടു കഴിഞ്ഞ് 8:00 മണിയായപ്പോൾ തിരികെ വീട്ടിൽ എത്തി. അമ്മ രാത്രിയിലുള്ള കാപ്പിയുണ്ടാക്കി, അതും കഴിച്ചിട്ട് നേരെ ഉറങ്ങാൻ കിടന്നു.



# COLD HEART



Monisha
9B

My heart is going to cold
No one else to see it
I am still walking to find pure heart
But  Nobody in this world with pure heart
Isn’t lovely all alone
Heart made of glass from mind of stones
Tear me to pieces, skin to bone
walking out the time
looking for a better
Something on my mind
always in a head space
My heart is going to cold
No one else to see it.....

# യാത്രാവിവരണം



അഞ്ജലി അനിൽകുമാർ
9E

യാത്രകൾ വളരെ ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയാണ് ഞാൻ. കുറച്ച് യാത്രകൾ ചെയ്തിട്ടുണ്ട്. മനോഹരമായ കാഴ്ചകൾ കാണാൻ എനിക്ക് വളരെയധികം ഇഷ്ടമാണ്. അങ്ങനെയിരിക്കെ ഞങ്ങൾ ഒരു യാത്ര പോകാൻ തീരുമാനിച്ചു. പൊന്മുടിയിലേക്കാണ് യാത്ര പുറപ്പെട്ടത്. ഞാനും എന്റെ കുറച്ചു ബന്ധുക്കളും കൂടിയാണ് യാത്ര പോയത്. വളരെ സന്തോഷകരമായ ഒരു യാത്രയായിരുന്നു അത്.

നല്ല നല്ല കാഴ്ചകൾ പോകുന്ന വഴിയിൽ ഞാൻ കണ്ടു. വളവും തിരിവുമുള്ള വഴികളിലൂടെയായിരുന്നു യാത്ര. പോകുന്ന വഴിയിൽ ധാരാളം മരങ്ങൾ തിങ്ങി നിറഞ്ഞ് നിൽക്കുന്നതായി ഞാൻ കണ്ടു. ഇടയ്ക്കിടയ്ക്ക് പലവിധ ശബ്ദങ്ങളും കേട്ടു. പോകുന്ന വഴിയിൽ ധാരാളം തേയില കൃഷി കാണാൻ കഴിഞ്ഞു. അത് തട്ട് തട്ടായി തരം തിരിച്ചിരിക്കുന്നത് കാണാൻ വളരെ ഭംഗിയാണ്. അങ്ങനെ ഞങ്ങൾ പൊന്മുടിയിലെത്തി.

ഞങ്ങളെത്തിയ സമയത്ത് ചെറിയ കാറ്റും വെയിലുമായിരുന്നു.ഞങ്ങളെത്തിയപ്പോൾശാന്തമായൊരു അന്തരീക്ഷമായിരുന്നു അവിടെ കാണാൻ കഴിഞ്ഞത്. കുറേ ദൂരം നടന്നപ്പോൾ പാറക്കെട്ടുകളും കുറേ താഴ്ചയേറിയ പ്രദേശങ്ങളും കാണാൻ കഴിഞ്ഞു.

ആ പച്ചപ്പും ശാന്തതയും നമ്മുടെ കണ്ണുകൾക്കും മനസ്സിനും കുളിരും സന്തോഷവും പകരുന്നവയായിരുന്നു. അവിടെ നിന്നും കുറേ ചിത്രങ്ങൾ എടുത്തു. അതിനു ശേഷം ഞങ്ങൾ ആഹാരം കഴിക്കാൻ പോയി. കുറേ നല്ല കാഴചകൾ കണ്ടു.പിന്നെ ഇരുട്ടി തുടങ്ങിയതുകൊണ്ട് ഞങ്ങൾ തിരികെ പോയി. പോയ വഴിയിൽ ഞങ്ങൾ കുറേ കുരങ്ങുകളെ കണ്ടു. അവിടെ നേരത്തെ തന്നെ ഇരുട്ടാറുണ്ട്.എന്നെന്നും ഓർമ്മിക്കാൻ പറ്റിയ ഒരു യാത്രാനുഭവമായിരുന്നു ഇത്.



# PROFILE

# JULIANE MARGARET BEATE KOEPCKE





Adarsh S S
9c

Juliane Margaret Beate Koepcke, also known by her married name Juliane Diller, was born on 10th October 1954 at Lima in Peru. She is a German-Peruvian mammalogist who specialises in bats. She is best known as the sole survivor among 92 passengers and crew in the 24th December 1971 crash of Lansa Flight 508 in the Peruvian rainforest. Her memoir ‘When I fell From the sky’ is an international best seller and is a “gripping account of a harrowing adventure and an inspiring life.”

PROFILE

# GIEVE PATEL





Abhiram S.A
9C

Gieve Patel was born on 18th August 1940 in Bombay. He is an Indian poet, playwright, painter and physician. He was a part of “GREEN MOVEMENT” which was involved in an effort to protect the environment. His poems expose man’s cruelty to nature. His works include poems like ‘How Do You withstand’, ‘Body’, ‘Mirrored mirroring’ and three plays titled ‘Princes’, Savaksa’ and ‘Mr.Behram’. He died on 3rd November 2023 in Pune.

# യാത്രാവിവരണം





പവിത്ര സനൽ
9B

യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങളാണ് എനിക്ക് സമ്മാനിച്ചിരുന്നത്. ഇത്തവണ ഓണത്തിന് അവധിക്കാലത്ത് അപ്രതീക്ഷിതമായി ഞാനും എന്റെ കുടുംബവും ഉൾപ്പെടെ പത്തു പേരടങ്ങുന്ന സംഘവുമായി ടൂർ ബസ്സിലായിരുന്നു പുലർച്ചെ നാലുമണിക്ക് ഊട്ടി ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടത്. രാവിലെ ആയതു കൊണ്ട് ഞാൻ ആദ്യം തണുപ്പിന്റെ പ്രശ്നങ്ങൾ കൊണ്ട് ഉറങ്ങി. പിന്നെ കുറെ കഴിഞ്ഞപ്പോൾ ഞാനും എന്റെ ചേച്ചിയും മറ്റു ചേച്ചിമാരും അനിയന്മാരും ഡാൻസ് കളിച്ചു. ഞാൻ എനിക്ക് ഇഷ്ടപെട്ട വസ്ത്രമാണ് ധരിച്ചിരുന്നത്. എല്ലാവരും കമ്പിളി കുപ്പായങ്ങളും കയ്യിൽ കരുതിയിരുന്നു.

9 മണിയായപ്പോൾ ഞങ്ങൾ പോകുന്ന വഴിയരികിലെ ഒരു കടയിൽ കയറി ഭക്ഷണം കഴിച്ചു. കഴിച്ചപ്പോൾ വളരെയധികം സന്തോഷമായി. അതിനുശേഷം ഞങ്ങൾ വീണ്ടും യാത്ര ആരംഭിച്ചു. പിന്നീട് ഞങ്ങൾ ആദ്യം

എത്തിച്ചേർന്നത് ഗൂടല്ലൂർ പട്ടണം.മനോഹരമായ ഒരു വ്യൂ പോയിന്റിൽ ആയിരുന്നു.

റോഡിൽ നിന്നും മലയുടെ ചെരുവിലൂടെ സാഹസികമായി കുറച്ചു നടക്കേണ്ടി വന്നെങ്കിലും ഞങ്ങൾക്ക് അതിമനോഹരമായകാഴ്ച ആയിരുന്നു അവിടെ പ്രകൃതി ഒരുക്കി വെച്ചിരുന്നത് നാലു ഭാഗത്തും മനോഹരമായ കാഴ്ചകൾ...ഗൂടല്ലൂർ പട്ടണത്തിന്റെ ആകാശക്കാഴ്ചകൾ... ഞങ്ങളെ പേടിപ്പെടുത്തുന്ന ആഘാതമായ കൊക്ക, ഞങ്ങളെ നോക്കി ചിരിക്കുന്ന വലിയ കൊടുമുടികൾ ഇതെല്ലാം ആയിരുന്നു ഞങ്ങൾ അവിടെ കണ്ടത്. വീണ്ടും ഞങ്ങൾ യാത്ര തുടർന്നു... മനോഹരമായ പൈൻ മരങ്ങൾക്കിടയിലൂടെ... വളഞ്ഞു ചരിഞ്ഞ ചുരങ്ങൾ കയറി ബസ് മുന്നോട്ടു നീങ്ങുമ്പോൾ തണുപ്പ് കൂടിക്കൂടി വരുന്നതായിഎനിക്ക് തോന്നി.

പിന്നീട് ഞങ്ങൾ എത്തിച്ചേർന്നത് ഊട്ടിയിലെ ഷൂട്ടിംഗ് കുന്നിൽ ആയിരുന്നു. ആ കുന്നിനു മുകളിലൂടെ ഞങ്ങൾ നടക്കുകയും ഫോട്ടോകൾ എടുക്കുകയും ചെയ്തു. കുന്നിൻ ചെരുവിൽ കുതിരസവാരിയിൽ ഏർപ്പെടുന്ന പലരെയും അവിടെ കണ്ടിരുന്നു. അതിനുശേഷം ഞങ്ങൾ ബിരിയാണി കഴിച്ചു. ശേഷം യാത്ര തുടർന്നു. ഞാൻ നിദ്രയിലായി പോയി.

ഊട്ടി തടാകത്തിൽ എത്തിയപ്പോഴാണ് അമ്മ എന്നെ വിളിച്ചുണർത്തിയത്. അവിടെ തടാകക്കരയിൽ പലവിധ വിനോദങ്ങളിലും കാഴ്ചകളിലും ബോട്ട് സവാരിയ്ക്കും ഞങ്ങൾ പോയി. തടാക കരയിൽ ഷോപ്പിംഗ് നടത്തി. പിന്നെ ഞങ്ങൾ

അവിടെ നിന്ന് പോയത് ബൊട്ടാണിക്കൽ ഗാർഡനിലേക്ക് ആണ്. ഊട്ടിയുടെ തണുപ്പ് ഞങ്ങളിലേക്ക് ഇറങ്ങി വരികയായിരുന്നു. അവിടത്തെ ചെടികളും പൂക്കളും മരങ്ങളും എല്ലാം സുന്ദരമായ കാഴ്ചകൾ ആയിരുന്നു. അവിടെനിന്നും ഞങ്ങൾ ഒരുപാട് ഫോട്ടോകളും എടുത്തു പിന്നെ ഞങ്ങൾ വണ്ടിയിൽ കയറി ഒരു ഉറക്കം കഴിഞ്ഞു പുറത്തേക്ക് നോക്കിയപ്പോൾ പുറത്ത് മുഴുവനും ഇരുട്ടായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഞങ്ങൾ വീട്ടിലെത്തി അതുകഴിഞ്ഞ് ഞാൻ രാത്രി ഒരുപാട് നേരം ഉറങ്ങാതെ കിടന്നു.ശേഷം മയങ്ങി. എന്റെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഒരു അനുഭവമായിരുന്നു ഈ യാത്ര.

# DISCIPLINE

## ESSAY



Rohith
9E

Discipline is the first lesson we must learn. Discipline can be indicative of a child's character. Discipline is the first thing teachers teach when you go to school. Discipline is necessary not only in schools but also when we go to work. Bad children are not disciplined in class.Discipline is the most important factor in our life. So, everyone be disciplined. Discipline means being quiet when the teacher is teaching in class, being quiet while working and not talking loudly when going out. If you follow these then surely you are a disciplined person and not only you are a good person. If you haven't done this yet, try again. Because discipline is the first duty in our life.



# മാന്ത്രിക പെൻസിൽ

കഥ



അനാമിക എസ് എസ്
9E

ഒരു സുന്ദരമായ ഗ്രാമത്തിൽ താമസിക്കുന്ന കുട്ടിയാണ് അമ്മു. അവളുടെ ചെറുപ്പത്തിൽ തന്നെ അവളുടെ മാതാപിതാക്കൾ മരിച്ചുപോയി. മുത്തശ്ശിയാണ് അവളെ വളർത്തുന്നത്. അവൾക്ക് സ്കൂളിൽ പോകാൻ വളരെ ഇഷ്ടമാണ്. അതുകൊണ്ട് അവൾ മടിക്കാതെ എന്നും സ്കൂളിൽ പോകുമായിരുന്നു. അവളുടെ ഉറ്റ സുഹൃത്തായിരുന്നു ആനി. അമ്മു എല്ലാ കാര്യവും ആനിനോട് പങ്കുവയ്ക്കുമായിരുന്നു.

ഒരു ദിവസം സ്കൂളിൽ നിന്ന് തിരിച്ചു വരുമ്പോൾ അവൾ വഴിയിൽ ഒരു പെൻസിൽ കിടക്കുന്നതു കണ്ടു. ചെറുതെങ്കിലും വളരെ സുന്ദരമായിരുന്നു അത്. അതുമെടുത്ത് അവൾ വീട്ടിലേക്ക് നടന്നു. മുത്തശ്ശി അത് കളയാൻ പറയുമെന്ന് കരുതി മുത്തശ്ശിയിൽ നിന്നും പെൻസിൽ മറച്ചുവെച്ചു. അവൾക്ക് ആ പെൻസിൽ കളയാൻ തോന്നിയില്ല അത് അത്രയേറെ ആകർഷകമായിരുന്നു.

തന്റെ പിറന്നാൾ ദിവസം വന്നെത്തി. മുത്തശ്ശി

ഒരു പുതിയ ബാഗ്  സമ്മാനിച്ചു. അതും കൊണ്ട് പിറ്റേ ദിവസം സ്കൂളിൽ പോയി. അന്ന് വീട്ടിലേക്ക് തിരിച്ചുവരാനായി ബാഗുമെടുത്ത് ഇറങ്ങിയപ്പോൾ ബാഗ് മേശയിലെ ആണിയിൽ തട്ടി കീറി. അവൾ അത് അറിഞ്ഞില്ല. വീട്ടിൽ എത്തി തന്റെ ബാഗിൽ നിന്ന് ബുക്കെടുത്തപ്പോൾ ബാഗ് കീറിയിരിക്കുന്നത് കണ്ടു. വളരെ വിഷമത്തോടെ അവൾ കരയാൻ തുടങ്ങി. പിറ്റേ ദിവസം അവൾ ബുക്ക് ബാഗിൽ അടുക്കിവയ്ക്കുന്ന സമയം നോക്കിയപ്പോൾ എന്തത്ഭുതം !! ബാഗിൽ ഒരു പോറൽ പോലും പറ്റിയിട്ടില്ല. മായാജാലം! അവൾ ചിന്തിച്ചു ഇത് പെൻസിലിന്റെ മാന്ത്രിക ശക്തി തന്നെ. ബാഗിലെ കീറൽ മാറ്റിതന്നത് ആ പെൻസിലാണ്. പരീക്ഷിച്ച് നോക്കുക തന്നെ. അവൾക്ക് ആവശ്യമുള്ളതെല്ലാം ആ പെൻസിൽ നടത്തി കൊടുത്തു. പക്ഷേ ക്രമേണ അവൾ  ഒരു മടിച്ചിയായി മാറിക്കൊണ്ടിരുന്നു. സംശയം തോന്നിയ ആനി അമ്മുവിനോട് ചോദിച്ചു  "എന്തു പറ്റി? നിനക്കൊരു മാറ്റം?" അവൾ എല്ലാം ആനിനോട് പറഞ്ഞു. ആനി പറഞ്ഞു ഈ പെൻസിൽ നിന്നെ നാശത്തിലേക്ക് കൊണ്ടു പോകും അതു കൊണ്ട് നീ ഈ പെൻസിൽ ഉപേക്ഷിക്കണം. ആദ്യം അമ്മു എതിർത്തെങ്കിലും പിന്നെ അവൾ സമ്മതിച്ചു. അവർ അത് ദൂരേക്ക് വലിച്ചെറിഞ്ഞു.  അമ്മു മുത്തശ്ശിയോട് കാര്യങ്ങൾ പറഞ്ഞു. 'ഞാൻ ഇനി ഒരിക്കലും ഒരു കാര്യവും മുത്തശ്ശിയോട് പറയാതെ ചെയ്യില്ല' അമ്മു തീരുമാനമെടുത്തു.

# കടങ്കഥകൾ



ശേഖരിച്ചത്
നിഥിൻ
9C

1.നിവർത്തിയിട്ടൊരു പന്തിപ്പായ എടുത്തു മാറ്റാനാകില്ല.
റോഡ്
2.നിത്യവും കുളിക്കും ഞാൻ നിത്യവും മഞ്ഞളിൽ നീരാടും ഞാൻ, എന്നിട്ടും ഞാൻ കാക്കയെപ്പോലെ കറുത്തിട്ട് .
അമ്മിക്കല്ല്
3.അടിച്ചു വാരിയ മുറ്റത്ത് വാരിയെറിഞ്ഞ മണൽത്തരികൾ.
നക്ഷത്രങ്ങൾ
4. അന്നാള് കണ്ടൊരു വെള്ളിക്കിണ്ണം ഇന്നു കണ്ടപ്പോൾ തേങ്ങാപ്പൂള്.
ചന്ദ്രക്കല
5.ആനയെ കെട്ടാൻ തടിയുണ്ട് പക്ഷേ ജീരകം പൊതിയാൻ ഇലയില്ല.
പുളിമരം
6.വെളുപ്പുണ്ട് നിലാവല്ല മധുരമുണ്ട് പഞ്ചസാരയല്ല. കണ്ണു കൊണ്ട് കാണാം വായ കൊണ്ടു കുടിക്കാൻ വയ്യ.
പുഞ്ചിരി
7. കൂട്ടത്തിൽ നിന്നാൽ ഒന്നാന്തരം, ഒറ്റക്ക് നിന്നാൽ ആർക്കും വേണ്ട..
ഉപ്പ്

# പഴഞ്ചൊല്ലുകൾ



ശേഖരിച്ചത്

വർഷ
9B

1. അജ്ഞത അനുഗ്രഹമാകുന്നിടത്ത് ബുദ്ധിമാൻ മണ്ടനാകും
2. അന്നു പഠിച്ചത് ഇന്നു ഫലിച്ചു.
3. അർഥമില്ലാത്തവന് അർഥമുണ്ടായാൽ അർദ്ധ രാത്രിക്കും കുട പിടിക്കും
4. അരവിദ്യ അരങ്ങത്തു കാട്ടരുത്
5. അരവൈദ്യൻ ആളെക്കൊല്ലും
6. അൽപം കൊണ്ടാശാനാകരുത്
7. അൽപജ്ഞാനിയെക്കാൾ നല്ലത് അജ്ഞൻ
8. അൽപജ്ഞാനമഹംകൃതിമൂലം

# എന്റെ പനിനീർ പൂവ്



സുരഭി
9B

എന്റെ സ്വന്തം പനിനീർ
ഞാൻ നട്ട പനിനീർ
എന്റെ പ്രിയ പനിനീർ
എൻ വീട്ടിലുള്ള പനിനീർ
റോസ് നിറമുള്ള പനിനീർ
പൂത്തുനിൽക്കും പനിനീർ
എന്റെ സ്വന്തം പനിനീർ
ഞാൻ നട്ട പനിനീർ
വണ്ട് തേൻകുടിക്കും പനിനീർ
കാണാൻ രസമുള്ള പനിനീർ
എന്റെ സ്വന്തം പനിനീർ
ഞാൻ നട്ട പനിനീർ

ലേഖനം

# പ്രകൃതി



സീമോൻ എസ് ബി
9E

"ഭൂമിക്ക് ഒരു ചരമഗീതം" എന്ന ഒ എൻ.വി. കവിത ഓർത്തുകൊണ്ട് തുടങ്ങട്ടെ.

പ്രകൃതി, ദൈവം ജീവജാലങ്ങൾക്ക് തന്ന വരദാനമാണ്. ഈ പ്രകൃതിയുടെ മനോഹാരിത എത്ര വിവരിച്ചാലും മതിവരികയില്ല. കുന്നുകളും മലകളും മരങ്ങളും നദികളും അങ്ങനെ ഒട്ടനവധി മനോഹരമായ കാഴ്ചകൾ ഇവിടെയുണ്ട്. പ്രകൃതി ഉണ്ടായിരിക്കുന്നത് കൊണ്ടാണ് നാം ജീവിക്കുന്നത്. കാരണം നമുക്ക് ശുദ്ധവായു ശ്വസിക്കാൻ കഴിയുന്നത് സസ്യജാലങ്ങളുള്ളത് കൊണ്ടാണ്.

ഇന്നത്തെ കാലത്ത് നമ്മുടെ പ്രകൃതി നശിച്ച് കൊണ്ടിരിക്കുന്നു.അതിനു കാരണം നമ്മൾ – മനുഷ്യരാണ്. നദികളിലും താടാകങ്ങളിലുമെല്ലാം ചപ്പുചവറുകൾ നിക്ഷേപിച്ച് പ്രകൃതിയെ നശിപ്പിക്കുന്നത് നാം തന്നെയല്ലേ? അതു മാത്രമല്ല പ്ലാസ്റ്റിക് കത്തിക്കുകയും, മരം മുറിക്കുകയും, മലകളും കുന്നുകളുമിടിച്ച് വലിയ കെട്ടിടങ്ങൾ പണിയുകയും

ചെയ്യുന്നതും, വയൽ നികത്തുന്നതും. ഇതെല്ലാം പ്രകൃതി ഘട്ടം ഘട്ടമായി നശിക്കുന്നതിന് കാരണമാകുന്നു. നമ്മൾ നശിപ്പിക്കുന്നത് നമുക്ക് തണലൊരുക്കിയ, നാം തന്നെ അധിവസിക്കുന്ന ഈ ഭൂമിയെയാണ്. പ്രകൃതിയിലെ മരങ്ങൾ മുറിക്കുന്നത് തടിയുപകരണങ്ങൾ ഉണ്ടാക്കുന്നതിനാണ്. പ്രകൃതിയിലെ മരങ്ങളിൽ നിന്ന് നമുക്ക് പലതരം പഴങ്ങൾ കഴിക്കാൻ സാധിക്കും. ആ പഴങ്ങൾക്ക് സത്വഗുണങ്ങളുണ്ട്. പഴവർഗ്ഗങ്ങൾ കഴിക്കുന്നതിലൂടെ പലതരം രോഗത്തിൽ നിന്നും മുക്തിനേടാനാകും. പഴച്ചാറുകൾ ഉപയോഗിച്ച് പല മരുന്നുകൾ ഉണ്ടാക്കുന്നു. പിന്നെ ചില ചെടികളിൽ നിന്ന് വെണ്ട,തക്കാളി, പയർ, വഴുതനം എന്ന് തുടങ്ങി പലതരം പച്ചക്കറികൾ ലഭിക്കും. അത് കഴിച്ചാലും പല രോഗത്തിൽനിന്നും മുക്തിനേടാനാകും. എന്തുകൊണ്ടും ജീവജാലങ്ങൾക്ക് നല്ലത് വരുത്തുന്ന ഒന്നാണ് പ്രകൃതി. ആ പ്രകൃതിയേയാണ് നമ്മൾ നശിപ്പിക്കുന്നത്. പ്രകൃതിയെ നശിപ്പിക്കുന്നതുമൂലം നമ്മുടെ ജീവിതം പോലും അപകടത്തിലാണ്. ഒരു മരം മുറിച്ചാൽ പകരം ഒരു ചെടിയെങ്കിലും നടുന്നത് ഒരു ശീലമാക്കാം. നമ്മുടെ ജീവനെ നഷ്ടപ്പെടുത്തുവാൻ ശ്രമിക്കുന്ന മനുഷ്യരെ പറഞ്ഞു ബോധ്യപ്പെടുത്താം.

"ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി
ഒരു തൈ നടാം കൊച്ചു മക്കൾക്കു വേണ്ടി
ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി
ഒരു തൈ നടാം നല്ല നാളേയ്ക്കു വേണ്ടി "

ഒരു തൈ നടാം എന്ന കവിതയിലെ ഈ വരികൾ ഒരിക്കൽ കൂടെ ഓർമ്മിപ്പിച്ചു കൊണ്ട് നിർത്തുന്നു.